ആലപ്പുഴ ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ് റാങ്ക് ലിസ്റ്റ്

34 (3774) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എൻ.സി.സി. ഡിപ്പാർട്ടുമെന്റിലേക്കുള്ള ലാസ്റ്റ് ഗ്രേഡ് സർവന്റിന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രപേർക്ക് ആ ലിസ്റ്റിൽ നിന്നും നിയമനം നൽകി ;

(സി) ഈ തസ്തികയിലേയ്ക്ക് ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട് ;

(ഡി) ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഞ്ച്.

(സി) എട്ട്.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

ഓപ്പറേറ്റർ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ്

35 (3776) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് പി.എസ്.സി. 22-5-2003-ൽ ഒരു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നുവോ ;

(ബി) പ്രായപരിധി കഴിയാറായ പലരും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന സ്ഥിതിയിൽ എല്ലാ ഒഴിവുകളിലേക്കും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസിദ്ധീകരിച്ചിരുന്നു.

(ബി) 100 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഫിനാൻഷ്യൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

36 (3777) ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 19-3-1999-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച ഫിനാൻഷ്യൽ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ച ശേഷം എത്ര റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അവ നികത്തിയത് സ്പെഷ്യൽ റൂൾസ് പ്രകാരമാണോയെന്നും വ്യക്തമാക്കാമോ ;

(സി) മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റിൽ നിന്നും എഫ്.എ.മാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ? ഇല്ലെങ്കിൽ ഇതിനായി എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എല്ലാവർക്കും നിയമനം ലഭിക്കുന്നതുവരെയോ അല്ലെങ്കിൽ പുതിയ ഒരു റാങ്ക്ലിസ്റ്റ് നിലവിൽ വരുന്നതുവരെയോ നിലവിലുള്ള റാങ്ക് ലിസ്റ്റ് നിലനിറുത്തുന്നതിന് നിയമ തടസ്സങ്ങൾ ഉണ്ടെങ്കിൽ അക്കാര്യം വിശദമാക്കുമോ ?

ഉത്തരം

(എ) 29-3-1999-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച ഫൈനാൻഷ്യൽ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഒരാൾക്ക് നിയമനം നൽകി.

(ബി) ആറ് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് പ്രകാരമാണ് അവ നികത്തിയത്.

(സി) നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

(ഡി) നിയമതടസ്സങ്ങൾ ഉണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നടപടിക്രമങ്ങൾ സംബന്ധിച്ച നിലവിലുള്ള നിയമങ്ങൾ പ്രകാരം ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു വർഷമാണ്. പ്രസിദ്ധീകരിച്ച തീയതി മുതൽ 3 വർഷമോ, അടുത്ത ലിസ്റ്റ് നിലവിൽ വരുകയോ, ഇതിലാദ്യം വരുന്ന തീയതിവരെയേ ഒരു ലിസ്റ്റ് പരമാവധി നിലനിൽക്കുകയുള്ളു.

പോലീസിനെ സംബന്ധിക്കുന്ന പരാതി പരിശോധിക്കുന്നതിന് സംവിധാനം

37 (3779) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസിനെ സംബന്ധിക്കുന്ന പരാതികളും മറ്റ് ക്രമക്കേടുകളും പരിശോധിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ജുഡീഷ്യൽ അധികാരമുള്ള ഒരു സംവിധാനം ഉണ്ടാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇങ്ങനെ ഒരു സംവിധാനം പരിഗണനയിലുണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly